**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **05-07-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ഓപ്പൺ ജിം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിന് കീഴിൽ പൊതു ഇടങ്ങളിൽ ഓപ്പൺ ജിമ്മുകൾ, ടർഫുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ; | (എ) | **ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ ഏത് സ്ഥലത്താണ് ജിം സ്ഥാപിക്കേണ്ടത് എന്നതിനെക്കുറിച്ച് നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടൂറിസം വകുപ്പിൽ നിന്നും സ്ഥലം നിർദ്ദേശിച്ച് നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.** |
| (ബി) | പാറശ്ശാല മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | **ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ ഏത് സ്ഥലത്താണ് ജിം സ്ഥാപിക്കേണ്ടത് എന്നതിനെക്കുറിച്ച് നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടൂറിസം വകുപ്പിൽ നിന്നും സ്ഥലം നിർദ്ദേശിച്ച് നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.** |
| (സി) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പഞ്ചായത്തുകളിലാണ് കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുള്ളത്/അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (സി) | **പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.**<br><br>**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല** |

| | | | |
|---|---|---|---|
| | | | **പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.** |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (ഡി) | **പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.**<br><br>**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ